ഖുത്ബ നമ്പർ
26
28-06-2013

بسم اللہ الرحمن الرحیم O نحمدہ ونصلی علیٰ رسولہ الکریم O وعلیٰ عبدہ المسیح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایدہ اللہ تعالیٰ بنصرہ العزیز

**വിവർത്തനം: ഹാശിം അശ്റഫ്, ആലപ്പുഴ**

# സമ്മേളനങ്ങൾ കൊണ്ടുള്ള നേട്ടങ്ങൾ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് ജർമ്മനി ജമാഅത്തിന് തങ്ങളുടെ ജൽസയുടെ പ്രാരംഭം കുറിക്കുവാൻ അവസരം ലഭിച്ചിരിക്കുന്നു. ഇത് اِنْ شَاءَ اللّٰهُ മൂന്ന് ദിവസത്തേക്ക് തുടർന്നു പോകുന്നതുമാണ്. ലോകത്തുള്ള മറ്റ് ചില രാജ്യങ്ങളിലും ഈ ദിവസങ്ങളിൽ ജൽസ നടക്കുന്നതാണ്. അതിൽ പ്രധാനമായും അമേരിക്ക, കബാബീർ മുതലായവയാണ്. ഈ രാജ്യങ്ങളിലെ അമീറുമാർ, ഈ ദിവസങ്ങളിൽ തങ്ങളുടെ ജൽസയും നടത്തുന്നതാണ്. അതിനാൽ ഞങ്ങളെ കുറിച്ചും പറയണം എന്ന ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. ഈ സമയം, അമേരിക്കയിൽ പ്രഭാതമായിരിക്കും കബാബീറിൽ ചിലപ്പോൾ, ജുമുഅയുടെ സമയം കഴിഞ്ഞിരിക്കാം. അമേരിക്കയിൽ ജുമുഅ 6 മണിക്കൂറിന് ശേഷമായിരിക്കും ആരംഭിക്കുക. അല്ലെങ്കിൽ 5 മണിക്കൂറുകൾക്ക് ശേഷം ആയിരിക്കും. അവസാന ദിവസം അതായത് ഞായറാഴ്ച ഇവരുടെ സമാപനയോഗത്തിന്റെ സമയം ഏകദേശം ഇവിടുത്തെ സമാപന സമയമായിരിക്കുന്നതാണ്. ഇക്കാരണത്താൽ اِنْ شَاءَ اللّٰهُ അവരും ജൽസയുടെ സമാപനയോഗത്തിലും ദുആയിലും പങ്കാളികളാകുന്നതാണ്. ഒരേ ദിവസങ്ങളിൽ തന്നെ വിവിധ രാജ്യങ്ങളിലെ ജൽസ സംഘടിപ്പിക്കുന്നത് പ്രയോജനപ്രദമാണ്. കാരണം, അവരവരുടെ രാജ്യത്തിന്റെ ജൽസയ്ക്കായി ഒരുമിച്ച് കൂടിയ ജനങ്ങൾ, തൽസമയ ഖുത്ബ സംപ്രേക്ഷണത്തിലൂടെ പ്രയോജനം കരസ്ഥമാക്കുന്നു. ഇതിൽ ഭാഗവാക്കാകുന്നു. അങ്ങനെ ജമാഅത്തിന്റെ ഭൂരിപക്ഷ അംഗങ്ങളിലേക്ക് കാലത്തിന്റെ ഖലീഫയുടെ വാക്കുകൾ ചെന്നെത്തുന്നു. ലോകത്തിലെ വിവിധ ജമാഅത്തുകളിലെ വലിയൊരു വിഭാഗം ജൽസയുടെ Live ഖുത്ബ കേൾക്കുന്നു എന്നതിൽ സംശയമില്ല. എന്നിരുന്നാലും എന്റെ ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രധാനഭാഗം ഇത് കേൾക്കുന്നില്ല. ഞാൻ പറഞ്ഞത് പോലെ അമേരിക്കൻ ജനതയും അല്ലെങ്കിൽ ഈ ദിവസങ്ങളിൽ ജൽസ നടക്കുന്ന മറ്റു സ്ഥലങ്ങളിലെ അഹ്മദികളും അവസാന ദിവസത്തിലെ ജൽസയിൽ പങ്കെടുക്കുന്നതാണ്. എന്നാൽ ഇന്നത്തെ ജുമുഅയിലും വളരെയധികം ശ്രദ്ധയുണ്ടാകുന്നതാണ്. ഈ സമയം അവരുടെ സമയമായി ഒത്തുപോകുന്നതല്ല. എങ്കിലും ജൽസയുടെ നിയ്യത്തോടുകൂടി വന്ന അധികമാളുകളും തങ്ങളുടെ സമയത്തിന്റെ അടിസ്ഥാനത്തിൽ എവിടെയായിരുന്നാലും ഖുത്ബയും പ്രസംഗങ്ങളും കേൾക്കുന്നതാണ്. അതായത് സാധാരണ ദിവസങ്ങളിൽ നിന്ന് ഉപരിയായി ഈ ദിവസത്തിൽ കൂടുതൽ പേർ കേൾക്കുന്നു. ഇന്നത്തെ ഖുത്ബയിൽ ഞാൻ ജൽസയുടെ ലക്ഷ്യങ്ങളെ സംബന്ധിച്ച് ഓർമ്മപ്പെടുത്താൻ അഗ്രഹിക്കുന്നു. അതായത് ഹ:മസീഹ് മൗഊദ്(അ) വിവരിച്ച ജൽസയുടെ ലക്ഷ്യങ്ങളെ സംബന്ധിച്ച് ഓർമ്മപ്പെടുത്തുക എന്നത് നിർബന്ധമാണ്. അങ്ങനെ ജൽസയുടെ ദിവസങ്ങളിൽ ഇതിലേക്ക് പ്രത്യേക ശ്രദ്ധയുണ്ടാവുന്നതാണ്. ഇതിനു ശേഷവും ഇക്കാര്യങ്ങളെ തങ്ങളുടെ കഴിവിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കുകയും ഇതിന്റെ പ്രകടനം എല്ലാ അഹ്മദികളുടെ പ്രവർത്തികളിലൂടെ വെളിപ്പെടുന്നതായിരിക്കട്ടെ. ഇതിന്റെ ഫലവും മനുഷ്യന്റെ ശ്രദ്ധയെ ബന്ധപ്പെട്ടിരിക്കുന്നതുമാണ്. അതായത് എത്ര സമയത്തേക്ക് ശ്രദ്ധയിൽ മുഴുകുവാൻ സാധിക്കുന്നതാണ്. ഇന്നത്തെ കാലഘട്ടത്തിൽ മനുഷ്യൻ ഭൗതികജോലികളിലും ബഹളങ്ങളിലും വീണു കിടക്കുകയാണ്. അതിനാൽ അധികരിലും ഭൗതികകാര്യങ്ങൾ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. അങ്ങനെ ഫർളുകളിലും നഫലുകളിലും അലസത ഉടലെടുക്കുന്നു. ജൽസകളിൽ പങ്കെടുത്തതിനു ശേഷം ചില അഹ്മദികൾ എനിക്കെഴുതുന്നു. ജൽസയുടെ മൂന്നു ദിവസങ്ങൾ ഞങ്ങളുടെ മാനസികാവസ്ഥ മാറ്റിയിരിക്കുന്നു.

ഈ മൂന്ന് ദിവസങ്ങൾ മറ്റൊരു ലോകത്തിലായിരുന്നതുപോലെ കടന്നു പോയി. ഇതൊരു പ്രത്യേക തരത്തിലുള്ള ആത്മീയ അന്തരീക്ഷമായിരുന്നു. ഇതിനു ശേഷവും ഇങ്ങനെയുള്ള അവസ്ഥ നിലനിൽക്കുന്നതിനു വേണ്ടി ദുആ ചെയ്താലും എന്തു തന്നെയായാലും ഈ അവസ്ഥയാണ് ജൽസയുടെ ദിവസങ്ങളിൽ അധികവും ഉണ്ടാവുന്നത്. ഇതിന്റെ പ്രകടനം പങ്കെടുക്കുന്ന അധികമാളുകളിലും ഉണ്ടാകുന്നു. ഓരോരുത്തരുടെ മാനസികാവസ്ഥയുടെ അടിസ്ഥാനത്തിൽ ഈ പ്രകടനം ഉണ്ടാകുന്നു. ചിലർ ജൽസക്കു ശേഷം ഉടൻ തന്നെ മറന്നു പോകുന്നു. മറന്നു പോകുന്നതാണ്. ജൽസയുടെ പ്രസംഗങ്ങൾക്കിടയിൽ നാം ഏതെല്ലാം പ്രതിജ്ഞകളാണ് സ്വയം എടുത്തത് എന്നും തന്റെ ദൈവത്തോട് ചെയ്തത് എന്നതും മറന്നു പോകുന്നു. അതായത് നന്മകളെ നിലനിർത്തുക. ചിലർ കുറച്ച് ദിവസത്തേക്ക് ഈ മാറ്റത്തെ നിലനിർത്തുന്നതാണ്. ചിലർ കുറച്ച് ആഴ്ചത്തേക്ക് മറ്റു അധികമാളുകൾ ഈ മാറ്റത്തെ കുറച്ച് മാസങ്ങളോളം നിലനിർത്തുന്നു. നാം യഥാർത്ഥ്യത്തിൽ നിന്ന് നമ്മുടെ നേത്രങ്ങളെ മുടാൻ സാധിക്കുന്നതല്ല. എന്നാൽ ചിലർ ഈ പരിവർത്തനം വർഷങ്ങളോളം നിലനിർത്തുന്നു. അധികമാളുകളിലും കുറച്ച് നേരത്തേക്ക് മാത്രം ഈ സംസ്ക്കരണം നില

നിൽക്കുന്ന കാരണത്താൽ അല്ലാഹു പലവുരു ഉപദേശിക്കാൻ കൽപ്പിച്ചിരിക്കുന്നു. വീണ്ടും വീണ്ടും ഇങ്ങനെയുള്ള അന്തരീക്ഷം സൃഷ്ടിക്കാൻ കൽപ്പിച്ചിരുന്നു. അത് വിശ്വാസികളെ നന്മയിലേക്ക് ശ്രദ്ധിക്കുന്നവരാക്കി മാറ്റുന്നു. അവരുടെ ഫർളുകളിലേക്ക് ശ്രദ്ധ ക്ഷണിച്ച് കൊണ്ടിരിക്കുന്നു. അവരുടെ ഉത്തരവാദിത്വങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ച് കൊണ്ടിരിക്കുന്നു. തങ്ങളുടെ പ്രവർത്തനങ്ങളുടെ മേൽ നോട്ടം വഹിക്കുന്നതിലേക്കും ശ്രദ്ധ ക്ഷണിച്ച് കൊണ്ടിരിക്കുന്നതാണ്. അതിനാൽ ഹ : മസീഹ് മൗഊദ് (അ) ജൽസയുടെ പ്രാരംഭം കുറിച്ചു കൊണ്ട് നമ്മുടെ മേൽ വലിയ ഔദാര്യമാണ് ചെയ്തുതന്നിരിക്കുന്നത്. അങ്ങനെ ഒത്തൊരുമിച്ച് ഒരു സംസ്ക്കരണത്തിന്റെ അവസരം ലഭിക്കുന്നു. ആത്മീയ ഭോജനവും നമുക്ക് ലഭിക്കുന്നു. നമ്മുടെ ഫർളുകളുടെയും ഉത്തരവാദിത്വങ്ങളുടെയും നിർവഹണത്തിലേക്ക് ശ്രദ്ധ ഉണ്ടായിരിക്കുന്നതിനുള്ള അവസരം ലഭ്യമാകുന്നു. അങ്ങനെ ഞാൻ പറഞ്ഞതു പോലെ ഈ സമയം ജൽസയുടെ ലക്ഷ്യങ്ങളെ സംബന്ധിച്ചും ഇതിന്റെ ഉദ്ദേശ്യങ്ങളെ സംബന്ധിച്ചും ഹ: മസീഹ് മൗഊദ് (അ) മിന്റെ ഉദ്ധരണികളുടെ വെളിച്ചത്തിൽ ചിലത് പറയുന്നതാണ്. ഇതിൽ നിന്നും അദ്ദേഹം ജൽസയിൽ പങ്കെടുക്കുന്നവരെ എങ്ങനെ കാണാനാണ് ആഗ്രഹിച്ചതെന്നും ഒരു അഹ്മദിയെ എങ്ങനെ കാണുവാനാണ് ആഗ്രഹിച്ചതെന്നും മനസ്സിലാകുന്നതാണ്.

ഹ: മസീഹ് മൗഊദ് (അ) പറയുന്നു. ഹൃദയം പൂർണ്ണമായും ആത്മീയതയിലേക്ക് കുനിയുക. അതിനുള്ളിൽ ദൈവഭയം ജനിക്കുക. ഭയഭക്തി, തഖ്‌വ, ദൈവഭക്തി, ആത്മ സംസ്കരണം,ലോലഹൃദയം, പരസ്പരസ്നേഹം,ദൈവ സാമീപ്യത്തിൽ മറ്റുള്ളവർക്കായി മാതൃകരായിത്തീരുക, വിനയത്വവും, സമന്നതയും, സത്യസന്ധതയും അവരിൽ ജനിക്കുക. ദീനിന്റെ കാര്യത്തിൽ പരിശ്രമരായിത്തീരുക. ഈ കുറച്ച് വാക്കുകളിൽ ഹ: മസീഹ് മൗഊദ്(അ) ഒരു യഥാർത്ഥ അഹ്മദിക്കുള്ള ജീവിതത്തിന് മുഴുനീള പ്രവർത്തന രൂപരേഖ സമർപ്പിച്ചിരിക്കുന്നു. പറയുന്നു, ജൽസയിൽ പങ്കെടുക്കുന്നവരിൽ ഇങ്ങനെയുള്ള പരിവർത്തനമായിരിക്കണം. അവർ ഭയഭക്തിയിൽ മാതൃകയോഗ്യരാവുക. മനുഷ്യൻ പര്യാലോചന നടത്തുകയാണെങ്കിൽ ഒരു പദത്തിൽ തന്നെ എത്ര വലിയ ഉപദേശമാണ്. തിന്മയുടെ താഴ്‌വേര് തന്നെ മുറിഞ്ഞ് പോകുന്നതാണ്. ഇതിനർത്ഥം സ്വയം തന്നെ ഭൗതിക സുഖത്തിനായുള്ള സാമഗ്രികളിൽ നിന്ന് തടയുക. ഭൗതിക ആഗ്രഹങ്ങളിൽ നിന്ന് തടയുക. തെറ്റായ വികാരങ്ങളെ തടയുക. ഏതു പോലെയെന്നാൽ ആ തടയൽ വികാരാവേശങ്ങളുടെ മുഴുവൻ വാതിലുകളും അടയുന്ന രീതിയിലായിരിക്കണം. അങ്ങനെ ആഗ്രഹം ജനിക്കാതിരിക്കുക. നാം ചിന്തിക്കുകയാണെങ്കിൽ മനുഷ്യന് ലോകത്തിൽ ദൈവം സൃഷ്ടിച്ച മുഴുവൻ വസ്തുക്കളിൽ നിന്നു ബന്ധം വിഛേദിക്കാൻ സാധിക്കുകയില്ല. ഇതിനർത്ഥം ലോകത്തിൽ നിന്ന് തന്നെ മുറിഞ്ഞ് പോകുന്ന രീതിയിൽ തടയുക എന്നല്ല (സോഹദ്) ഭയഭക്തി എന്നത് ഈ വസ്തുക്കളുടെ അനുവദനീയമല്ലാത്ത ആഗ്രഹങ്ങൾ, അതിൽ നിന്ന് സംയമനം പാലിക്കുക. അല്ലാഹു തന്റെ അനുഗ്രഹങ്ങളുടെ കാര്യങ്ങൾ വിവരിച്ചിരിക്കുന്നു. ഇതിൽ നിന്നും പ്രയോജനം കരസ്ഥമാക്കാതിരിക്കലും അല്ലാഹുവിനോടുള്ള നന്ദികേടാണ്. നിവേദനങ്ങളിൽ വന്നിരിക്കുന്നു ചില സഹാബാക്കൾ ഞാൻ നോമ്പ് അനുഷ്ഠിച്ച് കൊണ്ടേയിരിക്കുന്നതാണ് എല്ലാ ദിവസവും നോമ്പ് അനുഷ്ഠിക്കുന്നതാണ് എന്ന പ്രതിജ്ഞയെടുക്കുകയുണ്ടായി. വിവാഹം ചെയ്യുന്നതല്ല, സ്ത്രീകളുടെ സമീപത്ത് പോകുന്നതല്ല, മുഴുവൻ രാത്രിയിലും നമസ്കാരം നിർവഹിച്ച് കൊണ്ടേയിരിക്കുന്നതാണ്. നബി(സ) ഈ കാര്യം അറിയാൻ ഇടയായി. നബി തിരുമേനി(സ) പറഞ്ഞു ഞാൻ നോമ്പ് അനുഷ്ഠിക്കുന്നു, ഇഫ്താറും ചെയ്യുന്നു, നമസ്കാരം നിർവ്വഹിക്കുന്നു, ഉറങ്ങുകയും ചെയ്യുന്നു, മറ്റ് ഭൗതിക ജോലികളും ചെയ്യുന്നു, വീട്ട് ജോലികളും ചെയ്യുന്നു, സ്ത്രീകളുമായി നിക്കാഹും ചെയ്തിരിക്കുന്നു, അതിനാൽ എന്നിൽ നിന്ന് മുഖം തിരിക്കുന്നവൻ എന്നിൽ പെട്ടവനല്ല. പറയുന്നു, ഓർമ്മയിരിക്കട്ടെ. ഞാൻ നിങ്ങളേക്കാളും അധികമായി ദൈവത്തെ ഭയക്കുന്നു, എന്റെ ആഗ്രഹങ്ങളെ ദൈവഹിതത്തിന് കീഴിലാക്കിയിരിക്കുന്നു. ഇതിനർത്ഥം ഇതാകുന്നു. യഥാർത്ഥ ഭയഭക്തി എന്നത് ഭൗതിക ആഗ്രഹങ്ങൾ മാത്രം ലക്ഷ്യം വെക്കുകയെന്നല്ല. മറിച്ച് ഇതിൽ നിന്ന് ഉത്തമരായ മനുഷ്യർ സൂക്ഷ്മതയിൽ നിലനിന്ന് കൊണ്ട് ദൈവതൃപ്തിയെ മുൻനിർത്തി ഈ ഭൗതിക വസ്തുക്കളിൽ നിന്ന് പ്രയോജനം കരസ്ഥമാക്കുകയാണെങ്കിൽ ഇത് സൊഹദാണ്. ഇവിടെ വന്നുകൊണ്ട് യൂറോപ്യൻ രാജ്യങ്ങളുടെ സ്വാതന്ത്ര്യം കാരണത്താൽ ഇവിടെയുള്ള ഓരോ വസ്തുക്കളുടെ അമിത ആഗ്രഹങ്ങൾ തന്നിലേക്ക് ആകർഷിക്കുന്നുണ്ടെങ്കിൽ നിങ്ങളുടെ ജൽസയിലേക്കുള്ള ആഗമനം പ്രയോജനരഹിതമാണ്. അതു പോലെ ഹ:മസീഹ് മൗഊദ് (അ) ന്റെ ബൈഅത്തിൽ ഉൾപ്പെടുക എന്നതും പ്രയോജനരഹിതമാണ്. പറയുന്നു, തങ്ങളുടെ ഉള്ളിൽ ഭയഭക്തി സൃഷ്ടിക്കുകയാണെങ്കിൽ തഖ്‌വയുടെ യഥാർത്ഥ ആത്മാവിനെ തിരിച്ചറിയാൻ സാധിക്കുന്നതാണ്. തഖ്‌വ എന്താണ്? തഖ്‌വ എന്നത് എല്ലാ സമയവും ഭയം ഹൃദയത്തിൽ സൂക്ഷിക്കുക. ദൈവം എന്നോട് കോപിക്കുന്ന തരത്തിൽ ഒരു പ്രവൃത്തിയും എന്നിൽ നിന്ന് ഉണ്ടാകരുത്. ദൈവത്തിന്റെ അതൃപ്തിയോടുള്ള ഭയം, ശിക്ഷയോടുള്ള ഭയം കാരണത്താലാകരുത്. മറിച്ച് വളരെയടുത്ത സുഹൃത്തിന്റെയോ വളരെയടുത്ത പരിചയക്കാരന്റെയോ അതൃപ്തിയോടുള്ള ഭയം പോലെയായിരിക്കണം ദൈവത്തോടുള്ള സ്നേഹം മറ്റെല്ലാ സ്നേഹത്തേക്കാളും ഉയർന്നിരിക്കുമ്പോഴാണ് ഈ കാര്യം സാധ്യമാകുക. ദൈവത്തോട് ഒരു വ്യക്തി കതബന്ധം സ്ഥാപിതമാകുമ്പോഴും പരിജ്ഞാനം കരസ്ഥമാകുമ്പോഴുമാണ് ഇത്തരത്തിലുള്ള ദൈവസ്നേഹത്തിന്റെ അവസ്ഥ ഉടലെടുക്കുന്നത്. അങ്ങനെ ലക്ഷ്യം ദൈവമായിത്തീരുക. ഈ സ്ഥാനം നാം ഓരോരുത്തരും കരസ്ഥമാക്കുന്നതിനായി പരിശ്രമിക്കേണ്ടതാണ്. ഹ:മസീഹ് മൗഊദ് (അ) തഖ്‌വയുടെ ഈ നിലവാരം കരസ്ഥമാക്കുകയെന്ന് വിവിധ രൂപത്തിൽ നമ്മെ ഉപദേശിക്കുകയുണ്ടായി. അദ്ദേഹം തന്റെ പ്രഭാഷണത്തിൽ ഇപ്രകാരം പറയുന്നു. തന്റെ ജമാഅത്തിന്റെ നന്മക്കായുള്ള പ്രധാനമായ കാര്യം എന്നത് തഖ്‌വയെ സംബന്ധിച്ച് പലപ്പോഴായി ഉപദേശിച്ച് കൊണ്ടിരിക്കുക എന്നാണ്. എന്തെന്നാൽ ബുദ്ധിമാന്മാരുടെ മുന്നിൽ വ്യക്തമാണ്. തഖ്‌വയല്ലാതെ മറ്റൊന്നിലും അല്ലാഹു തൃപ്തനാ

കുകയില്ല. അല്ലാഹു പറയുന്നു,

اِنَّ اللّٰهَ مَعَ الَّذِيۡنَ اتَّقَوْا وَّالَّذِيۡنَ هُمۡ مُّحۡسِنُوۡنَ (16:129)

തീർച്ചയായും അല്ലാഹു തഖ്വ കരസ്ഥമാക്കുന്നവരോടൊപ്പമാണ് ഉണ്ടാകുക. അവർ നന്മ ചെയ്യുന്നവരാണ് അതിനാൽ ജമാഅത്തംഗങ്ങളോട് പലപ്പോഴായി ഈ കാര്യത്തെ സംബന്ധിച്ച് ഉപദേശിക്കുന്നതിനുള്ള കാരണം കാലഘട്ടത്തിലെ ഇമാമിന്റെ ബൈഅത്തിൽ വന്നു കൊണ്ട് വാദമുന്നയിക്കുന്നു. നമ്മുടെ ബൈഅത്ത് കാരണം നമ്മിൽ ദൈവം തൃപ്തനായിരിക്കുന്നുവെന്നും അല്ലെങ്കിൽ നാം ബൈഅത്ത് ചെയ്തത് ദൈവത്തെ സംതൃപ്തനാക്കാനാണെന്നും വിളംബരം നടത്തുന്നു. അതു പോലെ ദൈവിക കൽപനകൾ പ്രാവർത്തികമാക്കുവാനാണ്. എന്നാൽ ഈ കാര്യങ്ങളിൽ പ്രവൃത്തിയില്ലെങ്കിൽ ഈ വാദങ്ങൾ വെറും വാദങ്ങളായി മാത്രം അവശേഷിക്കുന്നു. നമ്മുടെ വാദം തഖ്വയിൽ ചരിക്കുന്നില്ലെങ്കിൽ അതും വെറും വാദം മാത്രമാണ്. ഹ:മസീഹ് മൗഊദ് (അ) വിവരിച്ച വചനം തഖ്വയുടെ വിശദീകരണം നൽകുന്നു. മുഹ്സിനായവർക്കാണ് തഖ്വയുള്ളത്. മുഹ്സിൻ എന്നതിന്റെ അർത്ഥം മറ്റുള്ളവരുമായി സത്യസന്ധമായ ബന്ധം സ്ഥാപിക്കുക. അവരുടെ വികാരങ്ങളെയും മാനസിക ഭാവങ്ങളെയും പരിഗണിക്കുക. തിരിച്ചറിവ് ഉണ്ടാക്കിയെടുക്കുകയും ചെയ്യുക. ഈ തിരിച്ചറിവ് നമ്മേ തഖ്വയുടെ പാതയിൽ ചലിപ്പിക്കുന്നു. ഹ: മസീഹ് മൗഊദ് (അ) ന്റെ വാചക മനോഹാരിത നോക്കുക ആദ്യം ഭയഭക്തിയിലേക്ക് ശ്രദ്ധ ക്ഷണിച്ചു. അതായത് തങ്ങളുടെ അഭിലാഷങ്ങളെ ദൈവിക തൃപ്തിക്ക് കീഴ്പ്പെടുത്തുക. പിന്നീട് തഖ്വയെ സ്വായത്തമാക്കുക എന്ന് പറഞ്ഞ് കൊണ്ടും അല്ലാഹുവിന്റെ വചനത്തിൽ നിന്ന് ഉദാഹരണം നൽകികൊണ്ടും അതിൽ തങ്ങളുടെ വികാരങ്ങൾ മറ്റുള്ളവരുടെ വികാരങ്ങൾക്കായി ത്യാഗം വരിച്ചു കൊണ്ട് അവർക്ക് പ്രയോജനം നേടികൊടുക്കുകയെന്ന് കൽപനയുണ്ട് എന്നും പറയുകയും ചെയ്തു. അങ്ങനെ മുത്തഖിയായി കൊണ്ട് ദൈവതൃപ്തി നേടിയെടുക്കുന്നവരായി മാറുന്നതാണ്.

പിന്നീട് പറയുന്നു, നമ്മുടെ ജമാഅത്തിന് പ്രധാനമായും തഖ്വയുടെ ആവശ്യമാണുള്ളത്. പ്രധാനമായും ഈ ചിന്ത, അതായത് പ്രവാചകവാദിയായ വ്യക്തിയുടെ ബൈഅത്തിൽ വന്നുകൊണ്ട് അദ്ദേഹമായി ബന്ധം സ്ഥാപിച്ചിരിക്കുന്നു. അവർ ഇതിനു മുമ്പ് ഏതു തരത്തിലുള്ള അസൂയയിലും പരിഹാസത്തിലും ശിർക്കിലും ഭാഗമായിരുന്നുവോ അല്ലെങ്കിൽ ഭൗതിക മനോഹാരിതരിൽ മുഴുകിയവരാണെങ്കിലും ശരി എല്ലാ വിധ ആപത്തുകളിൽ നിന്നും രക്ഷ പ്രാപിക്കുന്നതാണ്.

ഹ:മസീഹ് മൗഊദ് (അ) ബൈഅത്തിന്റെ വിളംബരം നടത്തി ഈ വിളംബരം നിസാരമായ വിളംബരമായിരുന്നില്ല. അദ്ദേഹവുമായി ബൈഅത്ത് ചെയ്യുകയെന്നത്. അദ്ദേഹം പറയുന്നു, ഇത് നിസാരമായ വസ്തുതയല്ല.

പറയുന്നു, എന്റെ വാദം ദൈവനിയുക്തനാണ് എന്നതാണ്. അല്ലാഹുവിൽ നിന്ന് ഞാൻ മുഖാന്തരം ലോകത്തിന്റെ സംസ്ക്കരണം സംഭവിക്കും എന്ന ദൗത്യവുമായാണ് നിയുക്തനായിട്ടുള്ളത്. ഞാൻ വഴി ദാസർക്ക് ദൈവത്തെ തിരിച്ചറിയാൻ സാധിക്കുന്നതാണ്. ദൈവവുമായി ബന്ധം സ്ഥാപിതമാകുന്നതാണ്. ഞാൻ വഴി എന്നെ വിശ്വസിക്കുന്നവർ വഴി അല്ലാഹു, നബി(സ)ക്ക് അവതരിപ്പിച്ച അവസാന ശരീഅത്ത് ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന, ആ ഉയർന്ന സ്വഭാവഗുണങ്ങളുടെ പ്രകടനവും മഹിമയും വെളിപ്പെടുന്നതാണ്. അതിനാൽ ഹുഖൂഖുൽ ഇബാദിനായി എല്ലാ തരത്തിലുള്ള ദുർവിചാരങ്ങളിൽ നിന്നും പരിഹാസങ്ങളിൽ നിന്നും സ്വയം രക്ഷ നേടേണ്ടിയിരിക്കുന്നു. ഹൃദയത്തെ കണ്ണാടി പോലെ ശുദ്ധീകരിക്കേണ്ടിയിരികുന്നു. അല്ലാഹുവിനോടുള്ള കടമ നിർവഹണത്തിനായി എല്ലാ വിധത്തിലുള്ള ശിർക്കുകളിൽ നിന്ന് സ്വയം പരിശുദ്ധത കൈവരിക്കേണ്ടിയിരിക്കുന്നു. ലോകത്തോടുള്ള ഭയം, അല്ലെങ്കിൽ ലോകരോടുള്ള ഭയം, ലോകത്തിലേക്കുള്ള അമിത ആവേശം. ഈ കാരണങ്ങൾ മൂലം ദൈവത്തെ മറക്കുന്നു. ഈ കാരണത്താൽ ദൈവത്തെ മറക്കുന്നു. ദൈവാരാധനയുടെ നിലവാരത്തിൽ കുറവ് വന്ന് ഭവിക്കുന്നു. ഇതിൽ നിന്നെല്ലാം രക്ഷ നേടുകയാണെങ്കിലാണ് ബൈഅത്തിന്റെ അവകാശികൾ എന്നു പറയപ്പെടുക. ഇത് തഖ്വയിലൂടെയല്ലാതെ സാധ്യമല്ല. ബൈഅത്തിന്റെ കടമ നിർവഹിക്കണമെങ്കിൽ ഈ പരിശുദ്ധ മാറ്റം തങ്ങളുടെ ഉള്ളിൽ ജനിപ്പിച്ച് കൊണ്ട് സംസ്കരണം ചെയ്യുക. ഈ പരിശുദ്ധ മാറ്റം തങ്ങളുടെ ഉള്ളിൽ സൃഷ്ടിക്കുക. ഇതിന്റെ ഫലം എന്താണ് ഉണ്ടാകുക? നിങ്ങൾ പല ആപത്തുകളിൽ നിന്നും മോക്ഷം കരസ്ഥമാക്കുന്നതാണ്. ഇത് സംബന്ധിച്ച് മസീഹ് മൗഊദ് (അ) വളരെ ശക്തമായ വാക്കുകളിൽ, ശക്തമായ രീതിയിൽ താക്കീത് നൽകുകയുണ്ടായി.

പറയുന്നു, അല്ലാഹു റഹീമും കരീമുമാണ് കാരുണ്യവാനും ഔദാര്യമതിയുമാണ്. അതു പോലെ കീഴടക്കി വെക്കുന്നവനും ശിക്ഷാ നടപടികൾ കൈകൊള്ളുന്നവനുമാണ്.

ഒരു ജമാഅത്തിനെ വീക്ഷിക്കുമ്പോൾ അവരുടെ വാദവും വാഗ്ദാനവും വളരെ അധികമാണ് അവരുടെ പ്രവൃത്തനാവസ്ഥ അങ്ങനെ അല്ലായെങ്കിൽ അവന്റെ കോപാവസ്ഥയും ദേഷ്യവും വർദ്ധിപ്പിക്കുന്നതാണ്. അല്ലാഹു അങ്ങനെ ഉണ്ടാക്കാതിരിക്കട്ടെ. നാം ഒരിക്കലും അല്ലാഹുവിന്റെ കോപത്തേയും ദേഷ്യത്തേയും ദർശിക്കാതിരിക്കട്ടെ. എന്നാൽ നാം എപ്പോഴും തഖ്വയെ മുൻനിർത്തി തങ്ങളുടെ കഴിവിന്റെ അടിസ്ഥാനത്തിൽ പരിശ്രമിക്കുന്നവരായി മാറട്ടെ. അല്ലാഹുവുമായി എപ്പോഴും അവന്റെ അനുഗ്രഹവും കാരുണ്യവും ചോദിക്കുന്നവരായി തീരട്ടെ. അവന്റെ കാരുണ്യവും ഔദാര്യവും കരസ്ഥമാക്കുന്നവരായി മാറട്ടെ.

ഈ നിലവാരം കരസ്ഥമാക്കുന്നതിനായി നമ്മൾ ഏതൊരവസ്ഥയാണ് ഉണ്ടാക്കിയെടുക്കേണ്ടത്? എന്ത് പരിശ്രമമാണ് നടത്തേണ്ടത്? ഇതിനെ സംബ്നധിച്ച് ഹ: മസീഹ് മൗഊദ് (അ) പറയുന്നു, മനുഷ്യൻ എത്ര തന്നെ നന്മ ചെയ്യുകയാണെങ്കിലും അതിന് രണ്ട് ഭാഗങ്ങളാണുള്ളത്. ഒന്ന് ഫർളായത് മറ്റൊന്ന് നഫലായത്. മനുഷ്യനു മേൽ നിർബന്ധമാക്കിയ ഫർളുകൾ അതായത് കടം വീട്ടുക, നന്മക്ക് പകരമായി നന്മ, ഇതിനെ കുറിച്ച് പറയാനുള്ളത് കടം വീട്ടുന്നതിനായി ഒഴിവ് കഴിവുകൾ ഉണ്ടാകുന്നു. പറയുന്നു, ഇത് നിങ്ങൾക്കായുള്ള ഫർളിൽ പ്പെട്ടതാണ്. കടം വീട്ടുക എന്നത്. നിങ്ങ

ളോട് ആരെങ്കിലും നന്മ ചെയ്താൽ അതിനു പകരമായി
നന്മ ചെയ്യുക. ഈ ഫർളുകൾക്ക് പുറമേ എല്ലാ നന്മകൾക്കും
നഫലുകളുമുണ്ട്. പറയുന്നു, ഈ ഫർളുകൾക്ക് പുറമേ എല്ലാ
നന്മകളുടെ കൂടെയും നഫലുകളുമുണ്ട്. അതായത് അതിന്റെ
ഹഖിൽ നിന്ന് വേർപിരിഞ്ഞ നന്മകളുമുണ്ട്. ഇഹ്സാനിന്
പകരമായി ഇഹസാനു പുറമേ വീണ്ടും ഇഹ്സാൻ ചെയ്യുക.
ഇത് നഫലാകുന്നു. ഉദാഹരണമായി സക്കാത്തിന് പുറമേ
വീണ്ടും സക്കാത്ത് നൽകുക. അല്ലാഹു അങ്ങനെയുള്ള
വരുടെ വലിയായി മാറുന്നു. അല്ലാഹു പറയുന്നു, അവന്റെ
സുഹൃദ് ബന്ധം, ഞാൻ അവന്റെ കൈകാലുകളായി മാറു
ന്നു, ഏതുവരെ ഏതൊന്ന് കൊണ്ട് അവൻ സംസാരിക്കുന്നു
വോ ആ നാവായി മാറുന്ന അവസ്ഥയുണ്ടാകുന്നു. ഇത്
നമ്മുടെ ദൈവമാണ്. നന്മക്ക് പ്രതിഫലം നൽകുക മാത്രമല്ല
അവൻ അങ്ങനെയുള്ളവരുടെ സുഹൃത്തായി മാറുന്നു അതാ
യത് ദൈവവുമായുള്ള സുഹൃദ് ബന്ധത്തിന്റെയും വഴികൾ
സംരക്ഷണത്തിന്റെയും മനുഷ്യചിന്ത അധീനമായ രീതിയിൽ
തുറക്കുന്നതാണ്. എന്നാൽ ഈ സ്ഥാനം എപ്പോഴാണ്
പ്രാപ്തമാക്കുന്നത്?

പറയുന്നു, ഈ അവസ്ഥയിൽ സുകൃതത്തിന് പകരമായി
സുകൃതം ചെയ്യുക. നിങ്ങളോട് നന്മ ചെയ്യുകയാണെങ്കിൽ
ആ നന്മക്ക് പകരമായി നന്മ ചെയ്യുന്നതിനായുള്ള അവസ
രത്തെ പ്രതീക്ഷിച്ചിരിക്കുക. ഇത് മാത്രമല്ല. പറയുന്നു,
സുകൃതം ചെയ്യുക പകരത്തിനു പകരമാണ്. യഥാർത്ഥ
വിശ്വാസിയുടെ ജോലി സുകൃതത്തിന് ഉപരിയായി സുകൃതം
ചെയ്തുകൊണ്ട് ഭാരം ഇറക്കുക. സമൂഹത്തിൽ ഈ അവ
സ്ഥ സംജാതമാകുമ്പോൾ, നന്മക്ക് പകരമായി നന്മക്ക് ഉപരി
യായി നന്മചെയ്യുകയാണെങ്കിൽ ഓരോരുത്തരും ഇതിലേക്ക്
ശ്രദ്ധിക്കുന്നവരാണെങ്കിൽ, ഈ നന്മ ചെയ്യുകയാണെങ്കിൽ,
ഒരാൾ നന്മചെയ്തു മറ്റൊരാൾ ആ നന്മയെക്കാൾ ഉപരി
യായി നന്മചെയ്യുന്നതിന് അവസരം പ്രതീക്ഷിച്ചിരിക്കുകയാ
ണെങ്കിൽ ആ സമൂഹം ഒരിക്കലും തന്നിഷ്ടം പ്രവർത്തി
ക്കുന്ന സമൂഹമായിരിക്കില്ല. സമാധാനത്തിന്റെയും സ്നേ
ഹത്തിന്റെയും മമതയുടെയും സമൂഹമായി മാറുന്നതാണ്.
ഇവയെല്ലാം തന്നെ ദൈവതൃപ്തിക്കായി നിർവഹിക്കുകയാ
ണെങ്കിൽ ഹൃദയങ്ങളെ അറിയുന്ന ദൈവം അതിലും ഉപരി
യായി പ്രതിഫലം നൽകുന്നവനാണ്. അവന്റെ കാരുണ്യ
ത്തിന്റെയും ഔദാര്യത്തിന്റെയും ഗണനം സാധ്യമല്ല. മനുഷ്യ
ചിന്തക്ക് അധീതമായി അവൻ നൽകുന്നു. നമ്മിൽ ഈ ആത്
മാവുണ്ടാകേണ്ടത് അനിവാര്യമാണ്. നന്മ ചെയ്യുകയാണെ
ങ്കിൽ ശൂന്യമായ ആഗ്രഹത്തോടെ ചെയ്യുക. അല്ലാഹുവിന്റെ
തൃപ്തിയെ കരസ്ഥമാക്കുന്നതിനായി ചെയ്യുക. നമ്മുടെ
ആരാധനകളിൽ ഫർളുകളോടൊപ്പം തന്റെ നഫലുകളും നാം
അല്ലാഹുവിന്റെ തൃപ്തിയെ കരസ്ഥമാക്കുന്നവരായി മാറുന്ന
തിന് വേണ്ടിയാണിത്.

നമ്മുടെ മറ്റു നന്മകളോടൊപ്പം നഫലുകൾ ഉണ്ടായിരിക്കണം.
യാതൊരുവിധ ഭൗതിക ലക്ഷ്യത്തിന് വേണ്ടിയായിരിക്കരുത്.
ഇഹ്സാനു പകരമായി ഇഹ്സാൻ ഏതെങ്കിലും ദാസനിൽ
നിന്ന് പ്രയോജനം നേടിയെടുക്കുന്നതിന് വേണ്ടിയാകരുത്.
ദൈവതൃപ്തി കരസ്ഥമാക്കുന്നതിന് വേണ്ടി ആയിരിക്കണം.
യഥാർത്ഥ തഖ്വ ഇതാണ്. ഇതൊരു കേന്ദ്രമാണ്. ഇതിന്റെ
ഫലം അല്ലാഹു നൽകുന്നതാണ്. അല്ലാഹു പറയുന്നു, നിങ്ങ
ളുടെ ഭൗതിക ഇബാദത്തുകളോടോ, ഭൗതിക ത്യാഗങ്ങ
ളോടോ എനിക്ക് യാതൊരു ബന്ധവുമില്ല. അല്ലാഹു കൽപ്പിച്ച
നമസ്ക്കാരം നാം നിർവഹിക്കുന്നു. ഇത് ഫർളിൽ പെട്ട
താണ്. ആരാധനയുടെ മിഹ്റാജും നമസ്ക്കാരമാണ്.
എന്നിട്ടും അല്ലാഹു പറയുന്നു,

وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُونِ (51:57)

ജിന്നിനെയും മനുഷ്യനെയും എന്റെ ആരാധനക്കായാണ്
സൃഷ്ടിച്ചിരിക്കുന്നത്. നമസ്ക്കാരം നിലനിർത്തുന്നതി
നായും പുരുഷന്മാർ ജമാഅത്തോടു കൂടി നിർവഹിക്കുന്നതി
നായും കൃത്യമായി നിർവഹിക്കുന്നതിനായും സമയത്ത്
നിർവഹിക്കുന്നതിനായും വിശുദ്ധ ഖുർആനിൽ വിവിധ
സ്ഥലങ്ങളിൽ കൽപനകൾ നൽകിയിട്ടുണ്ട്. എന്നാൽ ഈ
നമസ്ക്കാരം തന്നെയാണ് ചിലർക്കായി അല്ലാഹു പറയുന്നു,
നാശത്തിന് ഹേതുവാകുന്നു.

അതിനാൽ തീർച്ചയായും നാം ചിന്തിക്കേണ്ട ഒരു കാര്യം,
എന്തുകൊണ്ട് ഒരു നന്മ മനുഷ്യന്റെ നാശത്തിന് ഹേതു
വാകുന്നു? ഇതിന്റെ ലളിതമായ ഉത്തരം ഇതാണ്. അല്ലാഹു
എല്ലാ നന്മകളുടെയും അടിസ്ഥാനമായി നിർണ്ണയിച്ചിരിക്കു
ന്നത് തഖ്വയാണ്. യഥാർത്ഥത്തിൽ അല്ലാഹു ആഗ്രഹി
ക്കുന്നത് തോടിനുള്ളിലെ വിത്തിനെയാണ്. പ്രകടനാത്മമായ
വാക്കുകളെയല്ല. നമ്മുടെ നമസ്ക്കാരത്തിൽ നമ്മിൽ മറ്റുള്ളവ
ർക്കായി സഹതാപം ജനിക്കുന്നില്ലെങ്കിൽ നാം മനസിലാക്കേ
ണ്ടത് നാം പ്രത്യക്ഷത്തിൽ പ്രവർത്തനം കാഴ്ച വെച്ചു.
എന്നാൽ ഏതൊരു ആത്മാവാണ് ഉണ്ടാകേണ്ടിയിരുന്നത്
അത് നമ്മുടെ നമസ്ക്കാരത്തിലൂടെ ഉണ്ടായില്ല. ചില അവസ
രങ്ങളിൽ തൊടുള്ള പഴങ്ങൾ കാണുന്നു. പുറത്തു നിന്ന്
വളരെ നല്ലതായി കാണപ്പെടുന്നു. എന്നാൽ തുറക്കുമ്പോൾ
അതിന്റെ വിത്ത് ശരിയായ രീതിയിൽ ഉണ്ടായിത്തന്നെ
കാണുകയില്ല. അല്ലെങ്കിൽ കീടങ്ങൾ അത് ഭക്ഷിച്ചിട്ടുണ്ടാ
കും. ഉദാഹരണമായി ബദാം. മനുഷ്യൻ വളരെ ഉത്സാഹ
ത്തോടെ അത് പൊട്ടിക്കുമ്പോൾ അകത്ത് കയ്പുള്ളതായി
കാണപ്പെടുന്നു. അതിനാൽ നാം നമ്മുടെ കർമ്മങ്ങളെ അല്ലാ
ഹുവിന്റെ കൽപ്പനകൾക്ക് അനുഗുണമായി കാഴ്ച വെച്ചു
കൊണ്ട് ഈ വിത്തിനെ സംരക്ഷിക്കേണ്ടിയിരിക്കുന്നു. അത്
അല്ലാഹുവിന്റെ സമക്ഷത്തിൽ സ്വീകാര്യപ്രദമായിരിക്കണം
നമ്മുടെ നമസ്ക്കാരങ്ങളും ആരാധനകളും നമ്മുടെയുള്ളിൽ
അല്ലാഹുവിനോടുള്ള ബന്ധത്തിനു പുറമേ മനുഷ്യ സമൂഹ
ത്തോടുള്ള അനുകമ്പയും സൃഷ്ടിക്കുമ്പോഴാണ് ഈ അസ്ഥ
സംജാതമാകുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ
ജർമനി ജമാഅത്ത് എല്ലാ വർഷവും നാല് അഞ്ച് മസ്ജിദുകൾ
നിർമ്മിക്കുന്നു. എനിക്ക് ഇതിന്റെ ഉദ്ഘാടനത്തിനുള്ള അവ
സരവും ലഭിക്കുന്നു.

ഏകദേശം എല്ലാ സ്ഥലങ്ങളിലും ഞാൻ പറയുന്നത് ഈ
മസ്ജിദ് നിർമ്മിച്ചത് ശേഷം ആ മസ്ജിദിന്റെ ചുറ്റുപാടിൽ
വസിക്കുന്ന അഹ്മദികളുടെ ഉത്തരവാദിത്വങ്ങളും വർദ്ധി
ക്കുന്നു. മസ്ജിദ് നിർമ്മിച്ചതിന് ശേഷം അതിൽ നമസ്ക്കരി
ക്കാനായി വരുകയെന്നത് മാത്രം വലിയ കാര്യമല്ല അത്
അഞ്ച് നേരവും വരുകയാണെങ്കിലും ശരി. യഥാർത്ഥ വസ്
തുത ഈ മസ്ജിദ് മുഖേന പരസ്പരമുള്ള ബന്ധത്തിൽ

ദൃഢത കൈവരിക്കുകയും, ആ പ്രദേശത്തിലെ ജനങ്ങളിൽ ഇസ്ലാമിന്റെ മനോഹര ചിത്രം എല്ലാ അഹ്മദികളുടെ പ്രവൃത്തിയിലൂടെ ദൃശ്യമായിരിക്കുകയും ചെയ്യണം. അല്ലാഹു തആലയെ ആരാധിക്കുന്നവർ തങ്ങളുടെ പ്രദേശങ്ങളിൽ ഉണ്ടാക്കിയെടുക്കുന്ന ആത്മാവിന്റെ സ്വാധീനം നമ്മിലും, അന്യരിലും, എല്ലാ ഓരോരുത്തരിലും ഉണ്ടായിരിക്കണം.

ഹ : മസീഹ് മൗഊദ് (അ)ന്റെ ഈ അദ്ധ്യാപനത്തിന്റെയും ആഗ്രഹത്തിന്റെയും പ്രകടനം ഓരോ അഹ്മദിയിൽ നിന്ന് ഉണ്ടാകേണ്ടതാണ്. പറയുന്നു, ലോലഹൃദയവും, പരസ്പര സ്നേഹവും ദീനി കാര്യത്തിൽ മറ്റുള്ളവർക്കായി മാതൃക യോഗ്യരാവുകയും ചെയ്യുക. ഈ പരസ്പര സ്നേഹവും സാഹോദര്യ മാതൃകയും പരസ്പരം ഉണ്ടായിരിക്കുകയും അന്യരിൽ ജനിപ്പിക്കുകയും ചെയ്യുക. പരസ്പര മാതൃക അല്ലാഹുവിന്റെ സ്നേഹത്തെ ആകർഷിക്കുകയും തഖ്‌വയുടെ നിലവാരത്തെ ഉയർത്തുന്നതുമാണ്. അവിടെ അന്യരെ ഇസ്ലാമിന്റെ മനോഹര അദ്ധ്യാപനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതുമാണ്. ഇങ്ങനെ തബ്‌ലീഗിന്റെ കൂടുതൽ മാർഗ്ഗങ്ങൾ തുറക്കപ്പെടുന്നതാണ്. ഹ:മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിനു വേണ്ടിയുള്ള ഒരു ദുആയിൽ പറയുന്നു, അല്ലാഹു എന്റെ ഈ ജമാഅത്തിന്റെ ഹൃദയത്തെ ശുദ്ധീകരിക്കട്ടെ. തന്റെ കാരുണ്യത്തിന്റെ കരം നീട്ടികൊണ്ട് അവരുടെ ഹൃദയത്തെ തന്നിലേക്ക് തിരിക്കുമാറാകട്ടെ. എല്ലാ വിധ പ്രശ്നങ്ങളും, അസൂയകളും അവരുടെ ഹൃദയത്തിൽ നിന്ന് ഉയർത്തുമാറാകട്ടെ പരസ്പരമുള്ള സത്യസന്ധമായ സ്നേഹം ഉണ്ടാക്കിത്തീർക്കുമാറാകട്ടെ.

അല്ലാഹു നാം ഏവരേയും ഈ ദുആയുടെ അവകാശികളാക്കി തീർക്കട്ടെ. പിന്നീട് അദ്ദേഹം ഞാൻ വായിച്ച ഉദ്ധരണിയിൽ പറയുന്നു, വിനയത്വത്തിലേക്കും ഭവ്യതയിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. ഇതും പരസ്പര സ്നേഹം വർദ്ധിപ്പിക്കുവാനുള്ള കർമ്മമാണ്. പരസ്പരമുള്ള കടമ നിർവഹണത്തിലേക്കും ശ്രദ്ധ ചെലുത്തുവാൻ നിർബന്ധിക്കുന്നതാണ്. അന്യരുടെ ശ്രദ്ധയും കഷണിക്കുന്നു. അല്ലാഹു തന്റെ ദാസന്റെ അടയാളമായി പറഞ്ഞിരിക്കുന്നു.

(25:64) يَمْشُوْنَ عَلَى الْأَرْضِ هَوْنًا

അവൻ ഭൂമിയിൽ വിനയത്തോടു കൂടി നടക്കുന്നു. ഈ വിനയം മനുഷ്യനിൽ ഒരാത്മാവ് സൃഷ്ടിക്കുന്നു. അത് ദാസനെ ദൈവത്തിലേക്ക് അടുപ്പിക്കുന്നു. സമൂഹത്തിന്റെ സൗന്ദര്യത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. പരസ്പര ബന്ധത്തിന്റെ മനോഹാരിതയെയും വർദ്ധിപ്പിക്കുന്നു. പരസ്പര വിദ്വേഷത്തെ ദുരീകരിക്കുന്നു. സ്നേഹത്തെ വർദ്ധിപ്പിക്കുന്നു. പിന്നീട് അദ്ദേഹം വിശ്വസ്ഥതയിലേക്കും സത്യസന്ധതയിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിച്ചിരുന്നു. തഖ്‌വയിൽ ചരിക്കുന്നവൻ മുഴുവൻ നന്മയും പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതാണ്. തഖ്‌വയുടെ വിശദീകരണവും ഇതു തന്നെയാണ്. തഖ്‌വയുടെ യാഥാർത്ഥ്യത്തെ മനസ്സിലാക്കുകയാണെങ്കിൽ, അവൻ യഥാർത്ഥ നിലയിൽ എല്ലാ വസ്തുതകളും കരസ്ഥമാക്കിയിരുന്നുവെന്നാണ്. എന്നാൽ ചില പ്രധാന കാര്യങ്ങളിലും ശ്രദ്ധ ചെലുത്തേണ്ടി വരുന്നു. ചില കർമ്മങ്ങൾ തഖ്‌വയുടെ നിലവാരത്തെ ഉയ ർത്തുന്നു. അതു കാരണമാണ് അല്ലാഹു വിശ്വസ്ഥതയിലും സത്യസന്ധതയിലും പ്രധാനമായും ഊന്നൽ നൽകിയിരിക്കുന്നത്. പറയുന്നു,

(33:71) يَٰٓأَيُّهَا الَّذِيْنَ اٰمَنُوا اتَّقُوا اللّٰهَ وَقُوْلُوْا قَوْلًا سَدِيْدًا ﴿٧١﴾

വിശ്വാസികളെ അല്ലാഹുവിന്റെ തഖ്‌വ സ്വായത്തമാക്കുക. ചൊവ്വായതും നേരായതുമായ സംസാരം നിലനിർത്തുക. ഈ ആയത്തിന്റെ വിശദീകരണം രണ്ട് മൂന്ന് ആഴ്ചകൾക്ക് മുമ്പ് ഞാൻ ഖുത്വുബയിൽ പറഞ്ഞിരുന്നു. എന്തായിരുന്നാലും ഇവിടെ ഹ : മസീഹ് മൗഊദ് (അ) ഈ കാര്യത്തിൽ പ്രധാനമായും ആത്മീയ പുരോഗതി കൈവരിക്കുന്നതിനായി ജൽസയിൽ പങ്കെടുക്കുന്നവരുടെ അവസ്ഥകളായാണ് പറഞ്ഞിരിക്കുന്നത്. അവർ തങ്ങളുടെ തഖ്‌വയുടെ നിലവാരം ഉയർത്തുക. ആത്മസംസ്ക്കരണം നടത്തുക. ഇത് സാധ്യമാകുമ്പോഴാണ് ജൽസയിൽ വരുന്നത് മൂലമുണ്ടാകുന്ന കടമ നിർവഹിക്കുന്നവരായി മാറുന്നത്. ഇതിനായി വിശ്വസ്ഥതയും സത്യസന്ധതയും ചൊവ്വായ സംസാരവും സ്വായത്തമാക്കുക. ഇത് വളരെ നിർബന്ധമാണ്.

ഇത് അടിസ്ഥാനഘടകമാണ്. അതിനാൽ സത്യസന്ധതയുടെ നിലവാരത്തെ ഉയർത്തുകയാണെങ്കിൽ ഏതൊരു ലക്ഷ്യത്തിനായാണ് നിങ്ങൾ ഒത്തു കൂടിയിരിക്കുന്നത് അത് കരസ്ഥമാക്കാൻ സാധിക്കുന്നതാണ്. എല്ലാ അഹ്മദികളുടെയും വിശ്വസ്ഥതയുടെ നിലവാരം ഉയരുകയാണെങ്കിൽ സംസാരത്തിലും സ്വാധീനം സൃഷ്ടിക്കപ്പെടുന്നതാണ്. സംസാരത്തിൽ സ്വാധീനമുണ്ടാക്കുകയാണെങ്കിൽ നാം ഹ: മസീഹ് മൗഊദ് (അ) ന്റെ ലക്ഷ്യത്തെയും ദൗത്യത്തേയും മുന്നോട്ട് നയിക്കുന്നവരിൽ പങ്കാളികളായി മാറുന്നതാണ്. ഏതൊരു ദൗത്യമാണ് ഹ: മസീഹ് മൗഊദ് (അ) കൊണ്ടു വന്നത് അത് രണ്ടു പ്രധാന കാര്യങ്ങളാണ്. ഒന്നാമതായി ദാസനെ ദൈവത്തിന്റെ അടയാളം നൽകികൊണ്ട് ദൈവവുമായി ബന്ധിപ്പിക്കുക. രണ്ടാമതായി മനുഷ്യ സമൂഹത്തോടുള്ള കടമകൾ നിർവഹിക്കുക. ഈ രണ്ട് കാര്യങ്ങളും നമ്മിൽ നിന്ന് തഖ്‌വയും ത്യാഗവും ആവശ്യപ്പെടുന്നു. നമ്മുടെ കർമ്മത്തിൽ പരിശുദ്ധപരിവർത്തനം ഉണ്ടാക്കി വെക്കുന്നതിന്റെയും ആവശ്യം ഉന്നയിക്കപ്പെടുന്നു. ഏതു വരെ നമ്മുടെ ബന്ധം ദൈവവുമായി ദൃഢമായിരുന്നില്ലയോ അതു വരെ ലോകത്തെ നമുക്ക് ദൈവവുമായി ബന്ധിപ്പിക്കാൻ സാധിക്കുകയില്ല. മറ്റൊന്ന് മനുഷ്യസമൂഹത്തോടുള്ള കടമ നിർവഹണമാണ്. ഇതും ഏതുവരെ നാം വിനയവും ലാളിത്യവും സത്യസന്ധതയും സ്നേഹവും സാഹോദര്യവും ത്യാഗ വികാരവും അന്തരാളങ്ങളിൽ ഉണ്ടാക്കിയെടുക്കുന്നില്ലയോ അതു വരെ സാധ്യമല്ല. അതിനാൽ ഈ മൂന്ന് ദിവസങ്ങളിൽ നാം നമ്മുടെ ഈ ബന്ധത്തിന്റെയും ആവേശത്തിന്റെയും കണക്കെടുക്കുന്നതാണ്. ഇൻശാ അല്ലാഹു തആല വർദ്ധിപ്പിക്കുന്നതാണ്. അങ്ങനെ ജൽസയിൽ വന്നതിന്റെ ലക്ഷ്യം നേടിയെടുക്കുന്നവരായി മാറുന്നതാണ്. ഹ : മസീഹ് മൗഊദ് (അ) ന്റെ ആഗ്രഹത്തെ സഫലീകരിക്കുന്നവരായി മാറുന്നതാണ്. ഈ മൂന്ന് ദിവസങ്ങളിൽ തങ്ങളുടെ തഖ്‌വയുടെ നിലവാരത്തെ ഉയർത്തുവാനും കർമ്മപഥത്തെ നേരെയാക്കുന്നതിനും എല്ലാ അഹ്മദികളും പങ്കെടുക്കുന്ന ഓരോരുത്തരും പരിശ്രമിക്കേണ്ടിയിരിക്കുന്നു. ദുആ ചെയ്യുക. അല്ലാഹു അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. യഥാർത്ഥത്തിൽ ഈ ജൽസയുടെ ലക്ഷ്യത്തെ കരസ്ഥമാക്കുന്നവരായി അല്ലാഹു നമ്മെ മാറ്റട്ടെ.

# PRINTED BOOKS

To

From

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 June 28 at : Germany
Translation: Hashim Ashraf, Alleppey - 07736669096

Typing: A.T.Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**